നം.എംഷ്യ/305599/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി. 22/12/2021
ഫോൺ 0471 -2580595
supdtm.dge@kerala.gov.in

## സർക്കുലർ

വിഷയം :- കേരള സ്റ്റേറ്റ് ഭാരത്സ്കൗട്സ് & ഗൈഡ്സ് - ജില്ലാ ചീഫ് കമ്മീഷണർമാരായി ഡിഇഒ മാരെ ചുമതലപ്പെടുത്തുന്നത്- സംബന്ധിച്ച്-

സൂചന :- 1) കേരള സ്റ്റേറ്റ് ഭാരത്സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന സെക്രട്ടറിയുടെ എ-2001/2021/കെഎസ്.ബിഎസ്ജി തീയതി 20/10/2021 നമ്പർ കത്ത്.
2) ഭാരത് സ്കൗട്സ് & ഗൈഡ്സ് റൂൾസ് 105(1)

കേരള വിദ്യാഭ്യാസ നിയമനം അദ്ധ്യായം റൂൾ 10(1) പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന പ്രധാന പാഠാനുബന്ധ പ്രവർത്തനമാണ് കേരള സ്റ്റേറ്റ് ഭാരത്സ്കൗട്സ് & ഗൈഡ്സ്. ബഹു. സംസ്ഥാന ഗവർണർ രക്ഷാധികാരിയും ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി സംസ്ഥാന പ്രസിഡന്റും പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്റ്റേറ്റ് ചീഫ് കമ്മീഷണറുമായാണ് സംസ്ഥാന തലത്തിൽ ഈ സംഘടന പ്രവർത്തിക്കുന്നത്.

ജില്ലകളിൽ (വിദ്യാഭ്യാസജില്ല) കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സിന്റെ ജില്ലാ ചീഫ് കമ്മീഷണറുടെ ചുമതല നിർവഹിക്കുന്നത് ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ് എന്നാൽ ചില ഡിഇഒ മാർ വകുപ്പുതല നിർദ്ദേശം ഇല്ലാ എന്ന കാരണം പറഞ്ഞ് സ്കൗട്സ് & ഗൈഡ്സിന്റെ ജില്ലാ ചീഫ് കമ്മീഷണറുടെ ചുമതല നിർവഹിക്കാൻ വിമുഖത കാണിക്കുന്നതായും ഇത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നും കാണിച്ച് മേൽ സൂചന(1) പ്രകാരം കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സ്റ്റേറ്റ് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

അതിനാൽ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സിന്റെ ജില്ലാ ചീഫ് കമ്മീഷണറുടെ ചുമതല നിർവഹിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

സിഎ.സന്തോഷ്
പെൻ 362891
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)
& വിജിലൻസ് ഓഫീസർ

സ്വീകർത്താവ്
1)എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2)എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്: സ്റ്റേറ്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ്